## നവംബർ 14_ശിശുദിനം_

# കുട്ടികൾ വീടുവെയ്ക്കുംപോലെ!!

വി. എം. ഗിരിജ

ഇന്നത്തെ കേരളീയ സമൂഹത്തിൽ കുട്ടികൾ പ്ലാൻ ചെയ്ത തയ്യാറാക്കുന്ന ഒരു വീട്പോലെയാണ്. വീടുവെയ്പ്പുംപോലെയാണ് കുട്ടികളെ വളർത്തുന്നതും. ഇത്ര മുറികൾ, ഇത്ര ജനാലകൾ, വളവുകൾ, തിരിവുകൾ, കോണികൾ, നിറങ്ങൾ, പൂപ്പാത്രങ്ങൾ, വിലപിടിപ്പുള്ള ക്ലോക്കുകൾ, സോഫകൾ ---- കിടക്കാനും വിശ്രമിക്കാനും വെയ്ക്കാനും വിളമ്പാനും സൗഹൃദം പങ്കിടാനുമല്ലാത്ത വീടുകൾ, പ്രദർശനത്തിന് അതുപോലെയാണ് കുട്ടികളും. വലുതാവാൻ, കടൽ കടന്നുപോവാൻ, അമേരിക്കയിൽ ചേക്കേറാൻ, ഡോക്ടറും എഞ്ചിനീയറുമാവാൻ, ഐ. ടി. കിഡ്സ് (I T Kids) ആവാൻ, നമ്മുടെ മോഹങ്ങളെ പൂവണിയിക്കാൻ[][] ------- പഴയനാടകം പുതിയ രീതിയിൽ നാമാവർത്തിയാവുന്നു. നമ്മുടെ ചീഞ്ഞളിഞ്ഞ മൂല്യബോധം ഹാ, മൂല്യശോഷിപ്പ് ബാധിച്ച പുതുതലമുറയ്ക്ക് ചാർത്തിക്കൊടുക്കുന്നു! നമ്മുടെ അച്ഛനമ്മമാർ തറവാടിത്തം, ജാതിമഹിമ, കുലീനത തുടങ്ങി പലതും നമ്മെ പഠിപ്പിച്ചു. നാം കുറേക്കൂടി നാണം കെട്ട മൂല്യങ്ങളാണോ കൊടുക്കുന്നത് ? പഠിപ്പ്, സൗന്ദര്യം, വിജയിച്ചുകേറൽ, മൽസരിച്ച് മുന്നിലെത്തൽ, കാറുകൾ വാങ്ങൽ, എല്ലാം കഴിയുന്നത്ര 'സൗജന്യമായി' നേടൽ-------- അദ്ധ്വാനത്തിന്റേയും നല്ല കയ്യക്ഷരത്തിന്റേയും ദേശഭക്തിയുടേയും ഗാന്ധിജി എന്ന പഴയ അപ്പൂപ്പന്റേയും കഥകൾ ഇന്നില്ല. സർക്കാർ സ്കൂളുകളും മാതൃഭാഷ പഠിക്കുന്നവരും നാമാവശേഷമാവുന്നു. നടക്കാനറിയാവുന്ന കാലുകളും ഭക്ഷണം രുചിയോടെ കഴിക്കുന്ന നാവും ആർത്തിയും കൊതിയും ഒന്നുമില്ലായിരിക്കുമോ ഇനി? പെൺകുട്ടികളുടെ തല കുനിഞ്ഞുതന്നെ ഇരിക്കണമെന്ന് സീരിയലുകൾ. സ്വർണ്ണാഭരണം അണിഞ്ഞു കൊതിതീരല്ലേയെന്ന് സ്വർണ്ണക്കടകൾ. മാദകസൗന്ദര്യത്തിടമ്പാവാൻ ഒന്നാംവയസ്സു മുതലേ തയ്യാറെടുക്കണമെന്ന് ചാനലുകളും സൗന്ദര്യമൽസരങ്ങളും -------- ആർക്കും മണ്ണിനോട് കുട്ടികളെ ബന്ധപ്പെടുത്താൻ കഴിയുന്നില്ല എന്നതാണേറ്റവും ഖേദകരം. വേരുപിടിക്കാനിത്തിരി മണ്ണിന്, വായു, വെള്ളം, വെളിച്ചം, ചിറക്, നീന്തൽ, പച്ചപ്പ്------- ഇങ്ങനെ 'വേദാന്തം' പറയാൻ പറ്റില്ല. നമ്മുടെ 'നല്ല' മൂല്യങ്ങൾ അടുത്ത തലമുറയിലേക്ക് പ്രക്ഷേപിക്കലാവും ഫലത്തിൽ സംഭവിക്കുക----- വേണ്ട, അതും വേണ്ട. നമ്മുടെ വില കുറഞ്ഞ നൊസ്റ്റാൾജിയ, പെയ്പ്പോയ ലോകങ്ങൾ------ അവ അവൾക്ക് / അവന് ഭാരമാവണ്ട ------ പിന്നെ എന്തുവേണം?


ഫോട്ടോ : സുനിൽകുമാർ സപര്യ

കുട്ടികൾക്കായി സമയം അല്പം നീക്കിവെയ്ക്കുക! അവർക്ക് ഓരോന്നിനേക്കുറിച്ചും അഭിപ്രായമുണ്ടാവും------- അത് പറയാൻ/കേൾക്കാൻ അവസരമുണ്ടാക്കുക. ഡാൻസുകാരിയോ സിനിമാനടിയോ ആവണമെന്ന് മകൾ പറയുമ്പോൾ ആധിപ്പെടാതിരിക്കുക. അവളുടെ ശരീരം നിങ്ങളുടെ ഒരു 'മുതല'ല്ല----- നിങ്ങളത് കാത്തു സൂക്ഷിക്കുകയും വേണ്ട. നമ്മുടെ പാപഭാരങ്ങളും കുറ്റബോധങ്ങളും പുതിയ തലമുറയുടെ തലയിൽ ചാർത്താതിരിക്കയല്ലേ നവംബറിന്റെ നേട്ടമായി നമുക്ക് ചെയ്യാൻ കഴിയുക?